എം.എസ്.എ റസാഖ്
msarazak@hotmail.com

# ജനസേവകരാകുന്നു സൗഭാഗ്യവാന്മാർ

عَنْ عَبْدِ اللَّهِ بْنِ عُمَرِ رَضِيَ اللَّهُ عَنْهُما قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ لِلَّهِ اَقْوَاماً اِخْتَصَّهُم بِالنِعَمِ لِمنافِعِ الْعِبَادِ، يُقِرُّهُم فِيهَا مَا بَذَلُوهَا، فَإِذَا مَنَعُوهَا نَزَعَهَا مِنْهُمْ وَحَوَّلَهَا اِلَى غَيْرِهِمْ (رواه الطبراني في الكبير والاوسط وحسّنه الألباني والسيوطي)

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന് നിവേദനം: പ്രവാചകൻ (സ) അരുൾചെയ്തു: "ദൈവദാസന്മാർക്ക് പ്രയോജനം ലഭിക്കുന്നതിനു വേണ്ടി ചില ജനങ്ങൾക്ക് അല്ലാഹു അനുഗ്രഹങ്ങൾ പ്രത്യേകമായി നൽകുന്നു. ആ അനുഗ്രഹം അവർ ചെലവഴിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം അവരിൽ നിലനിർത്തും. അവർ ജനങ്ങൾക്കത് തടഞ്ഞാൽ അതവരിൽനിന്ന് എടുത്തുമാറ്റി മറ്റുള്ളവർക്ക് നൽകും"**

**(ത്വബറാനി *കബീറി*ലും *ഔസത്വി*ലും ഉദ്ധരിച്ചത്. അൽബാനിയും ഇമാം സുയൂത്വിയും ഇത് ഹസനാക്കി).**

ജനോപകാരപ്രദമായ മാർഗത്തിൽ ധനവും അധ്വാനവും ചെലവഴിക്കേണ്ടതിന്റെ പ്രാധാന്യം വിശദീകരിക്കുകയാണ് പ്രവാചകൻ (സ) ഈ ഹദീസിലൂടെ. സമൂഹത്തിൽ പലതരത്തിലുള്ള മനുഷ്യരുണ്ട്. പണ്ഡിതരും പാമരരും ധനികരും ദരിദ്രരും ഉണ്ട്. സമ്പത്തും ധനവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. ആ അനുഗ്രഹം സഹജീവികൾക്കുകൂടി പ്രയോജനകരമായ വിധം നൽകുന്നതിനാണ് അല്ലാഹു ചിലരെ ഏൽപിച്ചിട്ടുള്ളത്. വിശ്വാസികളായ സമ്പന്നർ തങ്ങൾക്ക് ലഭിച്ച സമ്പത്ത് ഇതര ദൈവദാസന്മാർക്കുകൂടി ഉപകാരപ്പെടുന്നതിനു വേണ്ടി നൽകപ്പെട്ടിട്ടുള്ളതാണെന്ന് തിരിച്ചറിയുകയും യഥാവിധി നൽകുകയും ചെയ്യുന്നവരാണ്. മുസ്‌ലിം സമുദായം ജനസേവനത്തിലും സമ്പത്ത് ചെലവഴിക്കുന്നതിലും തുടക്കം മുതൽ ബദ്ധശ്രദ്ധരായിരുന്നു. സമ്പന്ന കുടുംബങ്ങൾ പൊതുസമൂഹത്തിനു വേണ്ടി ഉദാരമായി നൽകിയ സമ്പത്ത് തലമുറകൾ തുടർച്ചയായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മതപഠനം, ആതുരശുശ്രൂഷ, അനാഥ സംരക്ഷണം, പൊതുവിദ്യാഭ്യാസം, ജീവകാരുണ്യം തുടങ്ങിയ മാർഗങ്ങളിൽ അവർ ചെലവിട്ട സമ്പത്തിന്റെ ഗുണഭോക്താക്കളും പൊതുസമൂഹവും എന്നും അവരെ അനുസ്മരിക്കുന്നു. അത്തരക്കാർ ജീവിതത്തിൽ അനുഭവിച്ച നിർവൃതി വാക്കുകൾക്കതീതമാണ്. കാരണമവർ തങ്ങൾക്കു ലഭിച്ച ദൈവാനുഗ്രഹങ്ങളുടെ യഥാർഥ ലക്ഷ്യം-ജനങ്ങൾക്ക് പ്രയോജനപ്പെടുക-തിരിച്ചറിഞ്ഞവരായിരുന്നു. മറ്റൊരു കൂട്ടർ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ സ്വന്തം താൽപര്യങ്ങൾക്കു മാത്രം നീക്കിവെച്ചു. ജനങ്ങൾക്ക് ഉപകാരപ്പെടുന്ന മാർഗത്തിൽ ചെലവഴിക്കാതെ സ്വാർഥംഭരികളായി. തദ്ഫലമായി അവരിൽനിന്ന് അനുഗ്രഹങ്ങൾ അല്ലാഹു എടുത്തുമാറ്റി അർഹർക്ക് നൽകി. കാരണം അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ജനങ്ങൾക്ക് ഉപകാരപ്പെടന്ന വിധം ചെലവഴിക്കാനുള്ളതാണെന്നവർ തിരിച്ചറിഞ്ഞില്ല. കാലാന്തരത്തിൽ അവർ വിസ്മരിക്കപ്പെട്ടു.

ധനം മറ്റുള്ളവർക്ക് നൽകുന്നതിലൂടെ സമൂഹത്തോടുള്ള ബാധ്യത നിറവേറ്റുകയാണ്. അതിലവർ സന്തോഷം കണ്ടെത്തുന്നു. അതിലുപരി അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. സമൂഹത്തിന്റെ വളർച്ചക്കും പുരോഗതിക്കും തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ ചെലവഴിക്കേണ്ടതാണെന്ന തികഞ്ഞ ബോധ്യമുള്ളവരാണവർ. ഓരോ ധനികനും സമ്പത്ത് ഉപേക്ഷിച്ചുകൊണ്ടുതന്നെയാണ് ജീവിതത്തിൽനിന്ന് യാത്രപറയുന്നത്. അവരുടെ സമ്പാദ്യം അവർക്കു തന്നെ ഉപകാരപ്പെടാത്ത സാഹചര്യമുണ്ടാകും. ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ നബി (സ) അരുളി: "അല്ലാഹു ചില ദൈവദാസന്മാർക്ക് അവന്റെ അനുഗ്രഹങ്ങൾ പൂർണമായി നൽകും. ജനങ്ങളെ അവരിലേക്ക് ആവശ്യക്കാരായി അയക്കും. അവരത് ചെലവഴിക്കാതെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കും. അങ്ങനെ ആ അനുഗ്രഹം അവരിൽനിന്ന് നീങ്ങിപ്പോകുന്നതാണ്" (ത്വബറാനി).

ഇമാം മനാവി എഴുതുന്നു: "ജനങ്ങൾക്ക് ഉപകാരപ്പെടുന്നതിന് അല്ലാഹു ചിലർക്ക് അനുഗ്രഹങ്ങൾ പ്രത്യേകമായി നൽകും. അവരത് ജനങ്ങൾക്ക് ചെലവഴിച്ചുകൊണ്ടിരിക്കുന്ന കാലമത്രയും അല്ലാഹു അവരിൽ നിലനിർത്തും. അവരത് ജനങ്ങൾക്ക് നൽകാതെ തടയുകയാണെങ്കിൽ അല്ലാഹു അവരിൽനിന്നത് എടുത്തുമാറ്റിക്കളയും. കാരണം, അല്ലാഹു ഒരു ജനതയെയും മാറ്റുകയില്ല; അവർ സ്വയം മാറുന്നതുവരെ. ബുദ്ധിമാൻ ദൈവാനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിനു നന്ദി രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നവനാണ്. ദൈവത്തിന്റെ ഇതര സൃഷ്ടികൾക്കു വേണ്ടി അത് നൽകുന്നവനാണ്. അല്ലാഹു നിനക്ക് നന്മ ചെയ്ത പോലെ നീ ജനങ്ങൾക്ക് നന്മ ചെയ്യുക" (*ഫൈദുൽ ഖദീർ*). ദൈവാനുഗ്രഹം സമ്പത്തിൽ പരിമിതമല്ല. വിജ്ഞാനം നൽകി അനുഗ്രഹിക്കപ്പെട്ടവർ ആ വിജ്ഞാനം ജനങ്ങൾക്ക് പകർന്നുനൽകി അവരെ അന്ധകാരത്തിൽനിന്ന് ജ്ഞാനത്തിന്റെ പ്രകാശധാരയിലേക്ക് നയിക്കേണ്ടതാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എന്തെന്ന് തിരിച്ചറിയുകയും അത് മറ്റുള്ളവർക്കുകൂടി പങ്കുവെക്കുകയും ചെയ്യുമ്പോഴേ അവർ യഥാർഥ വിശ്വാസികളുടെ പദവിയിലേക്ക് ഉയരുകയുള്ളൂ. ജനസേവനത്തിന്റെ ഉത്തമഭാവങ്ങളാവുകയെന്നത് വിശ്വോത്തര മാനവിക മൂല്യമാണ്.

ഫുദൈലുബ്നു ഇയാദ് പറയുന്നു: "ജനങ്ങളേ, നിങ്ങളെ ആളുകൾക്ക് ആവശ്യമുള്ളവരാക്കി മാറ്റുന്നതുതന്നെ അല്ലാഹു നൽകുന്ന അനുഗ്രഹമാണ്. അതിനാൽ ജനങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിൽ മടുപ്പ്